പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1517

15.06.2012 ൽ മറുപടിയ്ക്ക്

## താലോലം പദ്ധതി

ചോദ്യം

ശ്രീമതി കെ.കെ.ലതിക

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ | സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്ന താലോലം പദ്ധതിയിൽ നിന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ധന സഹായം നൽകി; | എ | 1283 പേർക്ക് സൗജന്യ ചികിത്സ ലഭ്യമായിട്ടുണ്ട് |
| ബി | പദ്ധതിയിൽ നിന്നും ധന സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ യാണ്; | ബി | പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തിനകത്തുള്ള 18 വയസ്സിനു താഴെയുള്ള കുട്ടികളായിരിക്കണം.<br>2. ആർ.സി.സി, തിരുവനന്തപുരം/ എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം/ എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി/ ഗവ.മെഡിക്കൽ കോളേജുകൾ/ അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രി, പരിയാരം/ സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി/ താലൂക്ക് ജനറൽ ആശുപത്രി, കാസർഗോഡ് എന്നീ ആശുപത്രികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. ചികിത്സ ആരംഭിച്ചശേഷം 18 വയസ്സു പൂർത്തിയാകുന്ന രോഗികൾക്ക് പരമാവധി ഒരു വർഷം കൂടി ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം അനുവദിക്കും.<br>3. മേൽപ്പറഞ്ഞ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന കുട്ടികളായിരിക്കണം |

| | | |
|---|---|---|
| | | 4. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ / കാർഡിയോ വാസ്ക്കുലാർ വൈകല്യങ്ങൾ സെറിബ്രൽ പാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളും, എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിൽ രോഗബാധിതരായവരുടെ രോഗങ്ങൾ പരിശോധിക്കുന്നതിനും ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ. ഇത്തരം അസുഖങ്ങൾക്കുള്ള ചികിൽസാ ചെലവുകൾ സ്വന്തമായി വഹിക്കാൻ കഴിയാത്ത വിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികളായിരിക്കണം<br>5. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി മെഡിക്കൽ റീഇംപേഴ്സ്മെന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.<br>6. മെഡിക്കൽ ഇൻഷുറൻസ് പദ്ധതികളുടെ പരിധിയിൽ വരുന്ന മേൽപ്പറഞ്ഞ അർഹതയുള്ള കുട്ടികൾക്ക് ഇൻഷുറൻസ് കമ്പനികൾ നൽകുന്ന തുകയ്ക്കുപരിയായി ചികിത്സയ്ക്കു ചെലവാകുന്ന തുക ലഭിക്കുന്നതാണ്.<br>7. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലെ/ മറ്റു സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായ എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | |
| സി | ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ തീരുമാനമാകാതെ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ? | സി | സൗജന്യ ചികിത്സയ്ക്ക് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. രോഗിക്ക് ഈ പദ്ധതിയിലൂടെ സൗജന്യ ചികിത്സയാണ് നൽകി വരുന്നത്. നേരിട്ട് ധനസഹായം നൽകുന്നില്ല. ചികിത്സ ആവശ്യമുള്ള കുട്ടികൾ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ സൗജന്യ ചികിത്സ തേടിയെത്തുന്ന മുറയ്ക്കാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. |

R. [signature]

സെക്ഷൻ ഓഫീസർ